15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5461 | 15-03-2023 - ൽ മറുപടിയ്ക്ക്

'സേഫ് കേരള' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 'സേഫ് കേരള പദ്ധതി' നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24x7 പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകകൾ ഉൾപ്പെടെ ആകെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ നിരത്തുകളിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമറകൾ മുഖേന കണ്ടെത്തുന്ന ഗതാഗത നിയമലംഘനങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ഒരു സ്റ്റേറ്റ് കൺട്രോൾ റൂമും, 14 ജില്ലാതല കൺട്രോൾ റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത നടപടികൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ; | (ബി) | റോഡപകടങ്ങളും അതുമായി ബന്ധപ്പെട്ട മരണങ്ങളും ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2019-ൽ സേഫ് കേരള എൻഫോഴ്സ്മെന്റ് പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ളത്. ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നിയന്ത്രണത്തിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും അടങ്ങുന്ന സ്ക്വാഡുകൾ വാഹന പരിശോധന, റോഡപകടങ്ങളുടെ വിശകലനം, സുരക്ഷാ ബോധവൽക്കരണ പരിപാടികൾ, റോഡ് സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുക എന്നിവ നടപ്പിലാക്കി വരുന്നു. അമിത വേഗത കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് റഡാറുകൾ ഘടിപ്പിച്ച 17 ഇന്റർസെപ്റ്റർ വാഹനങ്ങളും പദ്ധതിയിലുണ്ട്.<br><br>സേഫ് കേരള പദ്ധതിയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായിട്ട് സ്ഥാപിച്ചിട്ടുള്ള 726 ക്യാമറകളും അതിനോടനുബന്ധിച്ചുള്ള കൺട്രോൾ റൂമുകളും പ്രവർത്തനക്ഷമമാകുന്നതോടെ വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിഞ്ഞ് വാഹനങ്ങളുടെ രേഖകൾ പരിശോധിക്കുവാനും, ഹെൽമറ്റ്/ സീറ്റ് ബെൽറ്റ് |

<table>
<tr><td></td><td></td><td></td><td>ധരിക്കാതെ വാഹനമോടിക്കുന്നത് കണ്ടെത്തുവാനും, അപകടം ഉണ്ടായിട്ട് നിർത്താതെ പോകുന്ന വാഹനങ്ങൾ തിരിച്ചറിയുവാനും സാധിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>നിലവിൽ 'സേഫ് കേരള' പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>സേഫ് കേരള പദ്ധതിയിൽ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വാഹന പരിശോധന ശക്തമായി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ് മൂന്ന് വർഷത്തെ പരിശോധനയുടെ വിശദാംശം ചുവടെ ചേർക്കുന്നു;<br>
<table>
<tr><th>Year</th><th>No of cases</th><th>Compounding Fees</th></tr>
<tr><td>2020</td><td>183068</td><td>178560584</td></tr>
<tr><td>2021</td><td>376056</td><td>473016025</td></tr>
<tr><td>2022</td><td>634040</td><td>582045570</td></tr>
</table>
<br>പ്രസ്തുത പദ്ധതിയിൻ കീഴിലെ ക്യാമറകളും കൺട്രോൾ റൂമുകളും പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>ക്യാമറകളും, കൺട്രോൾ റൂമുകളും സ്ഥാപിച്ചതിന് കെൽട്രോൺ ചെലവഴിച്ച 165,89, 71,150/- രൂപ അഞ്ച് വർഷ കാലാവധിയിൽ 20 തുല്യ ത്രൈമാസ ഗഡുക്കളായിട്ടാണ് സർക്കാർ നൽകേണ്ടത്. ആവർത്തന സ്വഭാവമുള്ള ചെലവുകളായ വൈദ്യുതി ചാർജ്ജ്, കൺട്രോൾ റൂമുകളുടെ വാടക, ഇലക്ട്രിക് വാഹനങ്ങളുടെ വാടക, ദിവസ വേതന ഡ്രൈവർമാരുടെ വേതനം എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 5,20,64,137/- രൂപ ചെലവായിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ